# മാസ്റ്റർപ്ലാൻ പൊതു ലക്ഷ്യങ്ങൾ

അക്കാദമികവും അടിസ്ഥാനപരവുമായ കഴിവുകൾക്കായുള്ള ലക്ഷ്യങ്ങളിൽ ,സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക എന്നത് ഉൾപ്പെടുന്നു .എല്ലാ വിദ്യാർത്ഥികൾക്കും മലയാളം ,ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുന്നതിന് പ്രേത്യേക ഊന്നൽ നൽകുന്നു."ഓരോ കുട്ടിയും ഒന്നാമനാണ് "എന്ന തത്വം മുൻനിർത്തി ,കുട്ടികളുടെ വ്യക്തിഗത അഭിരുചികൾക്കും കഴിവുകൾക്കും അനുസരിച്ചു പരമാവധി പ്രോത്സാഹനവും പരിശീലനവും നൽകാൻ ലക്ഷ്യമിടുന്നു .

അധ്യാപനപരവും വിഭവപരവുമായ മെച്ചപ്പെടുത്തൽ ലക്ഷ്യങ്ങളിൽ ,ക്ലാസ്സ്‌മുറി പ്രവർത്തനങ്ങളിലൂടെ ഒരു വായന സംസ്കാരം വളർത്തുന്നത് ഉൾപ്പെടുന്നു .അധ്യാപകരെ ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ ശാക്തീകരിക്കും ,അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പാക്കും .രക്ഷിതാക്കളുടെ പങ്കാളിത്തം സുഗമമാക്കുന്നതിന് ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകും.അതിനായി ക്ലാസ് പി ടി എ കൾ ചേരും .കൂടാതെ ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും പാഠഭാഗങ്ങൾക്കനുസൃതമായി അക്കാദമിക പിന്തുണക്കായുള്ള വർക്ഷീറ്റുകൾ എസ് ആർ ജി യുടെ നേതൃത്തിൽ നൽകും."വിദ്യാലയം ഒരു പാഠപുസ്തകം "എന്ന ആശയം മുൻ നിർത്തി വിദ്യാലയ പരിസരങ്ങളെ അറിവ് നിർമാണ ഇടങ്ങളാക്കി മാറ്റാനും വിഭാവനം ചെയ്യുന്നു .

വിദ്യാർത്ഥി ശാക്തീകരണവും സാമൂഹിക വികാസവും ലക്ഷ്യമിട്ട് അപകർഷതാ ബോധം ഒഴിവാക്കി "ആക്ടീവായ "വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനായി ആശയ പ്രകടന ശേഷി വർധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും .പ്ലാസ്റ്റിക് നിരോധനം ,ശുചിത്വം ,വേസ്റ്റ് മാനേജ്മെന്റ് ,മലിനജല നിർമാർജനം എന്നിവ നടപ്പാക്കും.കാർഷിക മേഖലകൾ,ഔഷധ തോട്ടങ്ങൾ ,ഉദ്യാനങ്ങൾ ,എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യും.പോക്സോ

സംബന്ധിച്ച ബോധവത്ക്കരണ പരിപാടികൾക്കും രാസ ലഹരി ,മൊബൈൽ അഡിക്ഷൻ എന്നിവക്കെതിരായ മുൻ കരുതലുകളിലൂടെയും സുരക്ഷക്കും ക്ഷേമത്തിനും മുൻഗണന നൽകുന്നു .